# സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ പാത്രിയാർക്കൽ കത്തീഡ്രൽ

"മരുഭൂമിയിലെ മണർകാട്"

ഷാർജ, യു.എ.ഇ.



# മരിയൻ വോയ്സ്

പെരുന്നാൾ സ്പെഷ്യൽ വാർത്താ പത്രിക Vol. 2/2022


www.stmaryssharjah.com st_mjsc@emirates.net.ae +971 6 566 3384(Office), +971 50 684 6565 (Vicar)

*For Private Circulation Only*

# JACOBITE SYRIAN CHRISTIAN CHURCH

(Under The Holy Apostolic See of Antioch & All The East)

JOSEPH MOR GREGORIOS
METROPOLITAN TRUSTEE



No. CG.09/2022 08-08-2022

നമുക്കേത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ഷാർജ സെന്റ്. മേരീസ് ജേക്കബിറ്റ് സിറിയൻ ഓർത്തഡോക്സ് സൂനോറോ പാത്രിയർക്കൽ കത്തീഡ്രൽ വികാരിക്കും കൈക്കാരന്മാർക്കും ഭരണസമിതി അംഗങ്ങൾക്കും ഭക്തസംഘടനാ പ്രവർത്ത കർക്കും ശേഷം വിശ്വാസികളുമാകുന്ന ആത്മീയ വാൽസല്യവാന്മാർക്ക് കർത്താവിൽ വാഴ്വ്.

പ്രിയരെ സസ്നേഹം അറിയിക്കുന്നത്,

ഭാഗ്യവതിയും ശുദ്ധിമതിയുമായ വി.ദൈവമാതാവിന്റെ ജനനപ്പെരുന്നാളും എട്ടു നോമ്പാചരണവും നമ്മുടെ ദൈവാലയത്തിൽ ഭക്തിനിർഭരമായി ആചരിക്കുകയാണല്ലോ. ‘മരുഭൂമിയിലെ മണർകാട്’ എന്നറിയപ്പെടുന്ന പുണ്യ ദൈവാലയം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ജാതി-മത-സഭാ വ്യത്യാസമില്ലാതെ അനേകർക്ക് അഭയകേന്ദ്രമായി പരിലസിക്കുമ്പോൾ ദൈവത്തെ നന്ദിയോടെ മഹത്വപ്പെടുത്താം. പരി.അമ്മയുടെ വി.സൂനോറോയുടെ (തിരുശേഷിപ്പ്) അനുഗ്രഹങ്ങളുടെ ഉറവിടമായിരിക്കുമ്പോൾ, ജനനപ്പെരുന്നാളും എട്ടുനോമ്പാചരണവും ദൈവ മക്കൾക്ക് ആത്മീയ ചൈതന്യം പകരുവാനും പ്രത്യേകിച്ച് കോവിഡ് കാലത്തിന്റെ പ്രതിസന്ധികളെ അതിജീവിച്ച് മുന്നോട്ടു പോകുവാനുള്ള കൃപ ലഭിക്കുന്നതിനും മുഖാന്തിരമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പരി.സഭ ഏറെ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സാഹചര്യങ്ങളിലെല്ലാം ആ ഇടവക നൽകിയ കൈത്താങ്ങലു കളെ നന്ദിയോടെ സ്മരിക്കുന്നു. വിവിധ ചാരിറ്റി പ്രവർത്തനങ്ങളും ക്ഷേമ പദ്ധതികളും ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നത് അഭിനന്ദനാർഹവും മാതൃകാപരവുമാണ്. പ്രവാസ ജീവിതത്തിലെ വെല്ലുവിളികളേയും പ്രതിസന്ധി കളേയും തരണം ചെയ്യുവാനും ദൈവാശ്രയത്തോടെ മുന്നോട്ടു പോകുവാനും നമ്മുടെ ആരാധനാലയങ്ങൾക്കുള്ള പങ്ക് വലുതാണ്. ഷാർജ ഇടവക ഇദൃശ്യ കാര്യങ്ങളിൽ ശ്രദ്ധയോടെ കാലാകാലങ്ങളിൽ കർമ്മ പദ്ധതികൾ ആവിഷ്ക്കരി ക്കുന്നതിൽ ഏവരേയും അഭിനന്ദിക്കുന്നു. വി.ദൈവ മാതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം. ദൈവാലയത്തിലെ പെരുന്നാൾ ആഘോഷങ്ങൾ അനുഗ്രഹകരമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവാലയത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ‘മരിയൻ വോയ്സ്’ന്റെ പ്രകാശനത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഏവർക്കും പെരുന്നാൾ ആശംസകൾ.

ദൈവം അനുഗ്രഹിക്കട്ടെ.

**ജോസഫ് ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**

Patriarchal Centre, Puthencruz, Ernakulam, Kerala - 682 308, South India Ph : 2732804, 7306700600 E-mail : jscmetropolitantrustee@gmail.com
Bishop's House, Kyomtha Seminary, Thiruvamkulam, Kerala 682 305 Ph : 9847037644, Email : kyomthaseminary@gmail.com, hasiojosephg@gmail.com

# S.M.A.R.A.N.A. 2022
(Sharjah St. Marys Returnees Association at Native)

# Annual Gathering 2022

28 July 2022 | Patriarchal Centre, Puthencruz
































# അമ്മ എന്ന സുവിശേഷം



**ഐസക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത**
യു.എ.ഇ. പാത്രിയർക്കൽ വികാരി

പരിശുദ്ധ ദൈവമാതാവിനോട് അനിർവചനീയമായ ഭക്ത്യാദരവുകൾ പുലർത്തുന്ന സഭയാണ് മലങ്കര യാക്കോബായ സുറിയാനി സഭ. പരിശുദ്ധ മറിയത്തിന് അതുല്യമായ സ്ഥാനമാണ് അന്ത്യോഖ്യൻ ആരാധനാ പാരമ്പര്യത്തിലുള്ളത്. മഹാ പരിശുദ്ധ സ്ഥലത്ത് സർവ്വ വിശുദ്ധന്മാരെക്കാൾ ഉപരിയായി വചനമാം ദൈവത്തെ പ്രസവിച്ചവളെ എന്ന് സഭ അമ്മയെ അഭിസംബോധന ചെയ്യുന്നു. പരിശുദ്ധ അമ്മയെ കുറിക്കുവാൻ സഭ പല സംജ്ഞകളും ഉപയോഗിക്കുന്നു എങ്കിലും നാം ഉപയോഗിക്കുന്ന ശ്രേഷ്ഠമായ വാക്ക് 'യൊൽദാസ് ആലോഹോ' അഥവാ 'ദൈവത്തെ പ്രസവിച്ചവൾ' എന്നാണ്. മറിയത്തെപ്പോലെ ഉയിർത്തപ്പെട്ടവരായി ആരുമില്ല. ഈ അമ്മയെപ്പോലെ താഴ്ത്തപ്പെട്ടവരായും മറ്റാരുമില്ല. 'ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്കു പോലെ എന്നിൽ ഭവിക്കട്ടെ' എന്ന് മറിയം ഏറ്റു പറഞ്ഞത് ഏതാനും നിമിഷങ്ങൾക്കു വേണ്ടി മാത്രമുള്ളതായിരുന്നില്ല, മറിച്ച് ബെത്‌ലഹേം മുതൽ ഗോഗുൽത്തായുടെ നെറുകയിൽ വരെ ഇതിന്റെ അർത്ഥം നാം മനസ്സിലാക്കേണ്ടതാണ്.

ദാസിയെ കുറിക്കുവാൻ സുറിയാനി ഭാഷയിൽ 'അംസോ' എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ഈ വാക്കിന് വളരെ വിശാലമായ അർത്ഥമുണ്ട്. കൂലിക്കാരി അല്ല അടിമ എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്. യജമാനന്റെ ഇഷ്ടം പരിപൂർണ്ണമായി അനുസരിക്കുന്നവളാണ് അംസോ. പരിശുദ്ധ അമ്മയുടെ ഉദാത്തമായ സമർപ്പണമാണ് നാം ഇവിടെ ദർശിക്കുന്നത്. വിശുദ്ധ ദൈവമാതാവിൽ നാം കാണുന്ന ഏറ്റവും വലിയ സവിശേഷത ആഴമായ ദൈവസ്നേഹം ആഴമായ പരസ്നേഹം എന്നിവയാണ്.

"ഇതാ, ഞാൻ കർത്താവിന്റെ ദാസി; അവിടുത്തെ ഹിതം എന്നിൽ നിറവേറട്ടെ (ലൂക്കോ. 1:38) എന്ന വി. മാതാവിന്റെ വാക്കുകളിലൂടെ തന്നെത്തന്നെ എളിമപ്പെടുത്തി ദൈവഹിതത്തിനായി സമർപ്പിക്കുക വഴി സുവിശേഷത്തിന്റെ നിവർത്തീകരണമാണ് സംഭവിച്ചത്. കർത്താവിനെ പിൻപറ്റുന്ന ഓരോ വ്യക്തിയും ദൈവ സുവിശേഷ വാഹകരാകുന്നു. ആഗോള സഭകളുടെയെല്ലാം വളർച്ചക്കു പിന്നിൽ ഓരോ വ്യക്തികളുടെയും സമർപ്പണമാണ് ദൃശ്യമാകുന്നത്. ഭൂമിയിലെ ഒരു ഗ്രാമത്തിൽ ആരാലും അറിയപ്പെടാതെ ഒതുങ്ങിക്കഴിഞ്ഞ ഒരു ബാലികയെ സർവ്വശക്തനായ ദൈവം തന്റെ മനുഷ്യാവതാരത്തിനായി തിരഞ്ഞെടുക്കുക, സർവ്വലോകത്താലും ഉൾക്കൊള്ളപ്പെടാൻ സാധ്യമല്ലാത്ത ദൈവത്തെ ഉൾക്കൊള്ളാൻ മാത്രം ഒരു കൊച്ചു ബാലിക ഒരുക്കപ്പെടുക എന്നീ കാര്യങ്ങൾ മാനുഷിക ബുദ്ധിക്ക് അംഗീകരിക്കാൻ സാധിക്കാത്തതാണ്. എന്നാൽ ഇത് കന്യകമറിയാമിൽ എങ്ങിനെ സംഭവിച്ചു എന്നും അതിനായി മറിയാം എന്തെല്ലാം ക്രമീകരണങ്ങ ളാണ് ചെയ്തിരുന്നതെന്നും വേദപുസ്തകത്തെ അടിസ്ഥാനമാക്കി ചിന്തിക്കാം, ദൈവത്തെ സ്വീകരിക്കണമെങ്കിൽ അഥവാ ദൈവം നമ്മിൽ വസിക്കണമെങ്കിൽ പ്രധാനമായും നാലുകാര്യങ്ങൾ കന്യക മറിയാം അനുഷ്ഠിച്ചതുപോലെ നാമും ചെയ്യേണ്ടതായുണ്ട്. തന്നത്താൻ ശുദ്ധീകരിക്കുക, മറ്റുള്ളവരെ കരുതുക, താഴ്മ ധരിക്കുക, പതറാത്ത വിശ്വാസം സൂക്ഷിക്കുക.

## തന്നത്താൻ ശുദ്ധീകരിക്കുക

ബാല്യകാലത്ത് ദൈവാലയത്തിൽ വളർത്തപ്പെട്ടവളായ മറിയം ലൗകീക ചിന്തകൾക്കപ്പുറം വിശുദ്ധ എന്ന് വിളിക്കപ്പെടുവാൻ മാത്രം ഒരുക്കമുള്ളവളായിരുന്നു. നിന്റെ ശരീരം ദൈവത്തിന്റെ ആലയമാകുന്നുവെന്നും അതിനെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കുമെന്നും വചനം ഉറപ്പിച്ചു പറയുമ്പോൾ വി. മാമോദീസായാൽ പരിശുദ്ധാത്മാവിനെ ധരിച്ച് വി. കുർബ്ബാന വഴി കർത്താവിനെ സ്വീകരിച്ചവരായ നാം നമ്മെത്തന്നെ എത് അവസ്ഥയിൽ കരുതിയിരിക്കുന്നു എന്ന് ചിന്തിക്കുക. വി. മറിയാമിൽ വസിച്ചതുപോലെ നാം ഓരോരുത്തരിലും ഇറങ്ങി വസിക്കുന്നതിനാഗ്രഹിക്കുന്നവനായ ദൈവം തന്റെ ആലയമായി നമ്മുടെ ഓരോരുത്തരുടെയും ശരീരത്തെ തിരഞ്ഞടുത്തിരിക്കുകയാണ് എന്ന് മറക്കരുത്. ദൈവത്തിനിറങ്ങി വസിപ്പാൻ മാത്രം ശുദ്ധിയും വെടിപ്പും നമ്മിൽ തന്നെ സൂക്ഷിക്കുവാനും മറക്കരുത്. ജഡത്തെ നശിപ്പിക്കുന്ന

തായ എല്ലാ ലൗകീക ആസക്തികളും (മദ്യം, മയക്കുമരുന്ന്, ലഹരിവസ്തുക്കൾ, ദുഷിച്ച ചിന്തകളും പ്രവൃത്തിയും എന്നിവ) ഒരു ദൈവപൈതലിന് നിഷിദ്ധമാണ്. നമ്മുടെ പ്രവൃത്തികൾ ന്യായീകരിക്കുന്നതിനായി വേദപുസ്തകത്തെ തന്നെ ആയുധമാക്കുന്ന വിരുതന്മാർ നമുക്കു ചുറ്റുമുണ്ട്. യഹോവയുടെ മൂക്കിൽ നിന്നും പുക പൊങ്ങിയല്ലോ, ഞാൻ ഒന്നു പുകവലിക്കുന്നതിലെന്താ തെറ്റ്. കാനാവിലെ കല്യാണത്തിന് കർത്താവ് വീഞ്ഞുണ്ടാക്കിയല്ലോ, ഞാനല്പം കുടിക്കുന്നതാണോ കുറ്റം എന്നൊക്കെ ഉപദേശങ്ങളും പ്രസംഗങ്ങളും കേട്ടുമടുത്ത നമുക്ക് ഈ വാക്കുകൾ തമാശയായി തോന്നാം. സദൃശ്യവാക്യം 29:1 ൽ പറയുപോലെ "ഇത്രയൊക്കെ കേട്ടിട്ടും നീ ഒരു മാറ്റവും പ്രാപിക്കാത്തവനാണെങ്കിൽ നാശമാണ് ഫലം."

ദൈവത്തെ വഹിക്കുന്ന സ്വർഗ്ഗം, ദൈവം ജന്മംകൊണ്ട ഉദരം, ദൈവം വസിക്കാൻ തിരഞ്ഞെടുത്ത മനുഷ്യന്റെ ശരീരം ഇതു മൂന്നും തമ്മിൽ ഒരു വ്യത്യാസവുമില്ല. നാം ദൈവത്തിന് വസിക്കാൻ പാകത്തിന് നമ്മെ തന്നെ വെടിപ്പോടെ സൂക്ഷിച്ചാൽ വി. ദൈവമാതാവിനോട് സമഭാവമുള്ളവർ തന്നെയാകും. ജഡത്തിന്റെ മോഹങ്ങൾക്കും അതിന്റെ ഫലങ്ങൾക്കും നമ്മെ കീഴ്പ്പെടുത്താതെ ആത്മാവിന്റെ ഫലങ്ങളുടെ അനുഭവങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തി സാക്ഷാൽ ദൈവമാതാവിനെ പോലെ തന്നെയാണ്. ദൈവമാതാവിനെ കണ്ട് എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞ് പ്രവചിച്ചു. അവളുടെ ഉദരത്തിൽ കിടന്ന പ്രജ അവളിലുള്ള ദൈവത്തെ കണ്ട് പരിശുദ്ധാത്മാവിൽ തുള്ളി. ഇന്ന് നമ്മെ കാണുന്നവർക്ക് എന്തനുഭവമാണ് നമുക്ക് നൽകുവാൻ സാധിക്കുന്നത്. ശാരീരികമായി ഒരുക്കമുള്ളവരായ നാം (ജഡമോഹങ്ങളെ ത്യജിച്ച് ആത്മാവിന്റെ ഫലങ്ങൾ നിറഞ്ഞവരായ) വി. കുർബ്ബാനയുടെ രൂപത്തിൽ നമ്മെ സമീപിക്കുന്ന സാക്ഷാൽ ദൈവത്തെ സ്വീകരിച്ച് അവനെ മറ്റുള്ളവർക്ക് നമ്മിലൂടെ കാട്ടി കൊടുക്കുവാൻ മാതാവിനെപ്പോലെ പ്രാപ്തരാകണം. ഈ അപ്പം സാക്ഷാൽ എന്റെ ശരീരവും ഈ കാസാ എന്റെ രക്തവുമാണെന്നു പറഞ്ഞ കർത്താവ് വി. കുർബ്ബാന മധ്യേ യഥാർത്ഥമായും നമ്മിൽ വസിക്കുവാനായി കടന്നുവരുന്നുണ്ട്. നമുക്ക് ദൈവത്തെ സ്വീകരിക്കാൻ സാധിക്കാത്തത് നാം ഒരുക്കമുള്ളവരല്ല എന്ന ബോധ്യമുള്ളതിനാലാണ്. ഒരുങ്ങിയിരിക്കാൻ നമുക്ക് മനസ്സില്ലാത്തതിനാലാണ്. കർത്താവിനെ അലക്ഷ്യമായി സ്വീകരിച്ചാൽ ലഭിക്കുന്ന ശിക്ഷയെ ഭയന്ന് ക്രിസ്ത്യാനി എന്ന പേരുമാത്രം ചുമന്നു കൊണ്ട് കഴിച്ചുകൂട്ടുന്നവരുമുണ്ട്. ആ സ്ഥിതി മാറി ശാരീരികവും മാനസ്സികവുമായി പുതുക്കം പ്രാപിച്ച് ഒരു കാര്യത്തിലും കുറ്റബോധം ഇല്ലാത്തവരായി കർത്താവിനെ സ്വീകരിക്കുമ്പോൾ നാമും കന്യക മറിയത്തെപോലെ കർത്താവിന് പ്രിയപ്പെട്ടവരാകും. കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക "ആരാണെന്റെ അമ്മ, ആരാണെന്റെ സഹോദരങ്ങൾ, എന്റെ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരത്രെ എന്റെ അമ്മയും സഹോദരങ്ങളും." മറിയാം ദൈവഹിതം പ്രവർത്തിച്ചവളാണ്, ദൈവഹിതത്തിനായി സമർപ്പിച്ചവളാണ്. നമ്മുടെ മുഖ്യ പ്രശ്നം എല്ലായ്പ്പോഴും വെറും കാഴ്ചക്കാരും കേഴ്വിക്കാരുമായി മാറുന്നതല്ലാതെ നമ്മെ എങ്ങനെ ദൈവഹിതം നിറവേറ്റുന്നതിലേക്ക്, ദൈവതിരുനാമ മഹത്വത്തിലേക്ക് പ്രയോജനപ്പെടുത്താം എന്ന് ചിന്തിക്കാറില്ല. മിക്കപ്പോഴും വിശ്വാസ കാര്യങ്ങളിൽ നമ്മുക്ക് വീഴ്ചകൾ സംഭവിക്കുന്നു. നമുക്ക് വ്യക്തിപരമായി അല്ലെങ്കിൽ നമ്മുടെ കുടുംബത്തിൽ വിഷമങ്ങളും പ്രശ്നങ്ങളും നേരിടുമ്പോഴാണ് നമ്മിൽ പലർക്കും ഞാൻ ക്രിസ്ത്യാനിയാണല്ലോ എന്ന ബോധം തന്നെ വരുന്നത്. പിന്നീട് ദൈവ പ്രീതിക്കുവേണ്ടിയുള്ള പരക്കം പാച്ചിലാണ്. ദൈവത്തെ വിളിക്കുന്നവനല്ല അവന്റെ ഹിതമനുസരിച്ച് ജീവിക്കുന്നവനാണ് ദൈവീക രക്ഷയും കരുതലും ലഭിക്കുകയെന്ന് വചനം പറഞ്ഞിട്ടുള്ളത് വിസ്മരിക്കരുത്.

## മറ്റുള്ളവരെ കരുതുക

വി. മറിയം മറ്റുള്ളവരോട് കരുതലുള്ളവളായിരുന്നു. ചാർച്ചക്കാരിയായ എലിസബത്ത് വന്ധ്യയായിരുന്നതിനാൽ അവളോട് സഹതാപം പൂണ്ടവളും അവൾ ഗർഭം ധരിച്ചതറിഞ്ഞപ്പോൾ അതിയായി ആഹ്ളാദിച്ചവളുമായിരുന്നു മറിയാം. ഗർഭിണിയായ വാർധക്യത്തിലിരിക്കുന്ന ഏലിസബത്തിനരികിലേക്ക് സ്വന്തം ഗർഭാലസ്യം പോലും മറന്ന് ബദ്ധപ്പെട്ടുപോയി ശുശ്രൂഷിക്കാൻ കാണിച്ച താല്പര്യം മാതാവിനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥയാക്കുന്നു. നാം സ്വയം ചോദിച്ചു നോക്കൂ: മറ്റുള്ളവരുടെ ക്ഷീണാവസ്ഥയിൽ, ദരിദ്രാവസ്ഥയിൽ, സങ്കടകരമായ സാഹചര്യങ്ങളിൽ ഒന്നാശ്വസിപ്പിക്കാനോ, കൈത്താങ്ങു നൽകാനോ അവരോടു സഹതപിക്കാനോ, അവർക്കായി പ്രാർത്ഥിക്കാനെങ്കിലുമോ ശ്രമിക്കാറുണ്ടോ, മറ്റുള്ളവർക്കുണ്ടാകുന്ന അനുഗ്രഹങ്ങളിൽ അവർക്കൊപ്പം സന്തോഷിക്കുവാൻ എപ്പോഴെങ്കിലും നമുക്ക് സാധിക്കാറുണ്ടോ, അസൂയയും, കുശുമ്പും, സ്വാർത്ഥതയും കൊണ്ട് അന്ധമായ നമ്മുടെ കണ്ണുകൾ ചുറ്റുപാടുമുള്ളതൊന്നും കാണാതെ സർവ്വശക്തനായ ദൈവത്തെ പരതി നടക്കുന്നതിൽ വല്ല അർത്ഥവുമുണ്ടോ. എളിയവരോടു നാം ചെയ്യുന്നത് ദൈവത്തോടു ചെയ്യുന്നതാണെന്നും, ദൈവസാന്നിധ്യം നമുക്ക് വേദനിക്കുന്നവരിലേ കാണാൻ സാധിക്കു എന്നും വചനം തന്നെ പറയുന്നു. നമുക്ക് ഒരു രൂപയുടെയെങ്കിലും പ്രയോജനമുള്ളവനോടല്ലാതെ നാം കൂട്ടു കൂടാറുണ്ടോ, നമ്മുടെ നേട്ടങ്ങളും ലാഭങ്ങളും നോക്കി മാത്രമല്ലെ നമ്മുടെ ഏതു ബന്ധങ്ങളെയും നാം സമീപിക്കാറുള്ളൂ. കൂട്ടുകാരനുവേണ്ടി സ്വന്തം ജീവനെ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല എന്നു പഠിപ്പിച്ചവനായ കർത്താവ് അത് പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു. മാതാവും തന്റെ കാര്യം മാത്രം ചിന്തിക്കാതെ എലിസബത്തിനെ പറ്റിയുള്ള ചിന്തയാൽ അവളുടെ അടുക്കലേക്കോടി. കാനായിലെ കല്യാണ വീട്ടിലും മറ്റുള്ളവരുടെ വിഷമാവസ്ഥയിലേക്ക് ആരും ക്ഷണിക്കാതെ കടന്നു ചെല്ലുന്ന മാതാവിനെ നമുക്ക് കാണാം. മറ്റുള്ളവരെ കരുതുന്ന, സഹായിക്കുന്ന, കരുണ തോന്നുന്ന ചിന്തകൾക്കും പ്രവർത്തികൾക്കും മാത്രമേ ദൈവിക കരുതലും, സാന്നിധ്യവും അനുഭവിക്കാൻ സാധിക്കൂ. ഇപ്രകാരം മറ്റുള്ളവരോട് താല്പര്യപൂർവ്വം ഇടപെടാൻ ശ്രമിക്കുമ്പോൾ മാതാവിന്റെ നിലയിലേക്ക് നമ്മെ തന്നെ ഉയർത്തുവാൻ സാധിക്കും.

**"മറ്റുള്ളവരെ കരുതുന്ന, സഹായിക്കുന്ന, കരുണ തോന്നുന്ന ചിന്തകൾക്കും പ്രവർത്തികൾക്കും മാത്രമേ ദൈവിക കരുതലും, സാന്നിധ്യവും അനുഭവിക്കാൻ സാധിക്കൂ."**

## താഴ്മ ധരിക്കുക

മാതാവ് സ്വയം താഴ്ത്തി ദൈവഹിതത്തിനായി സമർപ്പിച്ചവളാണ്. "എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്കെവിടെനിന്നു ഉണ്ടായി" (ലൂക്കോ. 1:43) എന്ന് പരിശുദ്ധാത്മാവിൽ എലിസബത്ത് പ്രവചിക്കുമ്പോൾ ആ സത്യം തിരിച്ചറിഞ്ഞ് അഹങ്കരിക്കാതെ മാതാവ് പറഞ്ഞ വചനങ്ങൾ എത്രമാത്രം എളിമയോടു കൂടിയായിരുന്നു എന്നത് ശ്രദ്ധേയമാണ്. ആ താഴ്മ 'ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വിളിക്കും' എന്നുറപ്പിച്ചു പറയുവാൻ മാതാവിന് ധൈര്യം നൽകി. ഭാഗ്യാവസ്ഥയെപ്പറ്റി വേദപുസ്തകത്തിൽ അനേകം ഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്. സാക്ഷാൽ ദൈവപുത്രന്റെ അമ്മ എന്ന ഭാഗ്യാവസ്ഥയിലേക്ക് ഉയർത്തപ്പെട്ട അമ്മ കുരിശിന്റെ ചുവട്ടിൽ വരെയും തന്റെ താഴ്മ കൈവിടാതെ പുത്രനെ പിന്തുടർന്നു. ദൈവമാതാവ് എന്ന അധികാരം ഒരിടത്തും പ്രയോഗിക്കാതെ അമ്മ പുത്രൻ ഉപദേശിച്ച സുവിശേഷത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കുകയാണ് ചെയ്തത്. മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥമായ എന്തെങ്കിലും നന്മകളോ നേട്ടങ്ങളോ നമ്മിലുണ്ടാകുമ്പോൾ നമ്മെ കഴിഞ്ഞാരുമില്ല എന്ന ഭാവം ധരിക്കാൻ മടിക്കാത്തവരല്ലേ നാം. ഈ നന്മ ദൈവമേ നീ എനിക്കു തന്നതിനാൽ നിനക്ക് നന്ദി എന്നു പറയുന്നവരാരുണ്ട്. സ്വയം എളിമപ്പെടുത്തുന്നവരും എളിയവരെ ആദരിക്കുന്നവരും ഭാഗ്യാവസ്ഥയിലായിത്തീരും എന്ന് വചനം ഉറപ്പിച്ചു പറയുന്നുണ്ട്. കന്യകമറിയാം നമുക്ക് മാതൃകയാണ്. എളിമപ്പെടാൻ നമുക്ക് വിഘാതമായി നിൽക്കുന്ന നമ്മുടെ ജഢീക നേട്ടങ്ങൾ, പാരമ്പര്യം, സ്വന്തം കഴിവിലുള്ള അമിതവിശ്വാസം എല്ലാം ദൈവദാനമെന്ന് കരുതി ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുമാറ് ഹൃദയത്തെ രൂപാന്തരപ്പെടുത്തുമ്പോൾ നമുക്കും കർത്താവിന്റെ അമ്മയുടെ ഭാഗ്യാവസ്ഥ സ്വായത്തമാക്കാൻ സാധിക്കും. ഇന്നത്തെ സാഹചര്യത്തിൽ ഒരു ദിവസം കൂടുതലായി നാം ജീവിച്ചിരുന്നാൽ തന്നെ ദൈവകൃപയാലത്രേ എന്നു കരുതുവാനും ദൈവത്തിന് കൃതജ്ഞതയർപ്പിക്കുവാനും സാധിക്കണം.

## പതറാത്ത വിശ്വാസം

പാപിനിയായ മറിയം കല്ലേറിൽ നിന്നും രക്ഷ നേടാനായി കർത്താവിന്റെ സമീപത്തേക്ക് ഓടിയണഞ്ഞു. ആദിമകാലത്ത് വ്യഭിചാരത്തിനുള്ള ശിക്ഷ കല്ലെറിഞ്ഞുള്ള മരണമായിരുന്നു. ഒരു കന്യക ഗർഭം ധരിച്ചു എന്നു കേട്ടാൽ അവളെയും വ്യഭിചാരിണിയുടെ ഗണത്തിൽ പെടുത്തി കല്ലെറിഞ്ഞു കൊല്ലും. 'കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും' എന്ന തിരുവെഴുത്ത് നിവൃത്തിയാകുവാനായി സമർപ്പിച്ച മറിയാം തന്റെ വിധിയെ പറ്റി ബോധവതിയായിരുന്നു. തന്നെ വിളിച്ചവൻ വിശ്വസ്ഥനും വഴിയിലുപേക്ഷിക്കാത്തവനുമാണെന്ന് മറിയാം ഉറച്ചു വിശ്വസിച്ചതിനാൽ താൻ ഏത് ദൗത്യ നിർവ്വഹണത്തിനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടുവോ ആയതിനെ നിർഭയം സ്വീകരിക്കുവാനായി സാധിച്ചു. ദൈവിക പദ്ധതിക്കായി തങ്ങളെ തന്നെ സമർപ്പിച്ചവരാണ് സഹദേന്മാരെന്നറിയപ്പെടുന്നത്. കർത്താവിനായി തങ്ങളുടെ ജീവനെ തുശ്ചമെന്നെണ്ണിയവർ, ഇന്നും കർത്താവിനെ പ്രതി ഇറാക്കിലും, സിറിയയിലും, പാലസ്തീനിലും തുടങ്ങി ലോകത്തിന്ററെ വിവിധ ഭാഗങ്ങളിലെല്ലാം മരണത്തിനായി ശിരസ്സ നീട്ടിക്കൊടുക്കുന്നവർ അനേകരാണ്. കഴുത്തറുക്കപ്പെടുന്നവർ, ക്രൂശിക്കപ്പെടുന്നവർ, ജീവനോടെ എരിഞ്ഞടങ്ങുന്നവർ ഇത്തരക്കാർ തങ്ങളുടെ പ്രാണനെ നഷ്ടപ്പെടുത്തിയാലും നിത്യതയിൽ ഭാഗ്യാവസ്ഥ പ്രാപിക്കുന്നവരാണ്. നമ്മുടെ സഹോദരന്മാർക്കായി, അവരനുഭവിക്കുന്ന പീഢകൾക്കായി, ലോക സമാധാനത്തിനായി, രോഗസൗഖ്യങ്ങൾക്കായി നമുക്ക് പ്രാർത്ഥിക്കാം. ഒരു ചെറിയ പരീക്ഷണം പോലും നേരിടാൻ ശക്തിയില്ലാത്തവരാണ് നാം. പ്രാണനെ പ്രതി കർത്താവിനെ നാം തള്ളിപ്പറഞ്ഞേക്കാം. നിസ്സാര കാരണങ്ങൾ കൊണ്ട് സ്വന്തം വിശ്വാസവും ഇടവകയും പ്രിയപ്പെട്ടവരെയും ഇട്ടെറിഞ്ഞ് പായുന്നവർക്ക് എങ്ങിനെ തന്റെ ക്രൂശുമെടുത്ത് കർത്താവിനെ പിൻപറ്റാനാകും. ഇയ്യോബിന്റെ അനുഭവം കണ്ടില്ലേ. കർത്താവ് സഹായിച്ചാലും ഇല്ലെങ്കിലും അവനെ ഞാൻ കൈവിടില്ല എന്നു പറയുവാൻ കാണിച്ച തന്റേടം അതാണ് ക്രിസ്ത്യാനിക്കു വേണ്ടത്. ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും എന്ന് പറയുവാൻ വി. മാതാവിനും ആദിമ പിതാക്കന്മാർക്കും സാധിച്ചിട്ടുണ്ട്. നമ്മൾ ചോദിക്കുന്നതെല്ലാം ഉടനെ തരികയും എല്ലാ പ്രശ്നങ്ങളിൽ നിന്നും കരുതുകയും ചെയ്യുന്ന ദൈവത്തെ നമുക്കിഷ്ടമാണ്. എന്നാൽ നമ്മുടെ ആഗ്രഹങ്ങൾ നിർവ്വഹിച്ചു തരുവാൻ ദൈവം ബാധ്യസ്ഥനല്ല. നീ ആവശ്യപ്പെടുകയല്ലാതെ തിരികെ എന്തു കൊടുത്തുവെന്നോ ദൈവം നമ്മിൽ നിന്നെന്താണാഗ്രഹിക്കുന്നതെന്നോ, നമ്മെ എന്തിന് സൃഷ്ടിച്ചുവെന്നോ, എന്നെ കൊണ്ട് ദൈവത്തിനോ മറ്റാർക്കെങ്കിലുമോ വല്ല ഗുണവുമുണ്ടോ എന്നോ ചിന്തിക്കാറുണ്ടോ നാം? എന്നിട്ടും നാം ക്ഷേമമായി നിലനിൽക്കുന്നുവെങ്കിൽ അത് അവന്റെ മഹാമനസ്കതയും കാരുണ്യവും ഒന്നു കൊണ്ടു മാത്രമാണ് എന്ന് ഓർക്കുക. നമ്മുടെ കർത്താവിനെ ആത്മാർത്ഥമായി പിൻപറ്റുന്നതിന് തടസ്സമായി വരുന്ന പ്രലോഭനങ്ങളെയും ഭീഷണികളെയും നാം അതിജീവിക്കുമ്പോളാണ് നാം ദൈവത്തിനു പ്രിയപ്പെട്ടവരാകുന്നത്. കന്യകമറിയാം താനെടുത്ത തീരുമാനത്തിന് സമൂഹത്തിൽ നിന്നും നേരിട്ടേക്കാവുന്ന എന്തു പ്രതികരണത്തെയും നേരിടാൻ സന്നദ്ധയായിരുന്നു. അതുകൊണ്ട് ദൈവമാതാവ് എന്ന സ്ഥാനത്തിനർഹയായി, ഇന്നും എന്നും പുത്രനോട് സ്വാതന്ത്ര്യമുള്ള രക്തത്താലും ആത്മാവിനാലും ബന്ധിക്കപ്പെട്ട ഏക വ്യക്തി മാതാവു മാത്രമാണ്. നമ്മെ കരുതുവാനും നമുക്കായി അപേക്ഷിക്കുവാനും അമ്മയോളം സ്വാതന്ത്ര്യം മറ്റാർക്കുമില്ല.

"തന്റെ അന്ത്യനിമിഷത്തിൽ മാതാവിനെ എന്റെ സംരക്ഷണയിൽ ഏൽപ്പിച്ചു തന്ന കർത്താവേ നിനക്കു സ്തോത്രം" എന്ന് പറഞ്ഞ യോഹന്നാൻ നമ്മളുടെ പ്രതീകമാണ്. ദൈവമാതാവിനെ സ്വീകരിക്കാനും ആ അമ്മയുടെ പുത്രന്റെ സ്ഥാനത്തേക്ക് ചേർക്കപ്പെടുവാനും നമുക്കും ഇടയാക്കട്ടെ. അമ്മ ദൈവിക കല്പനകളെല്ലാം നിർവ്വഹിച്ചവളാണ്. അമ്മ വേദപുസ്തകം മുഴുവനും തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മുമ്പിൽ സുവിശേഷമായി നിലനിൽക്കുന്നവളാണ്. അമ്മയുടെ ജീവിതം മാതൃകയാക്കി, ആ മദ്ധ്യസ്ഥതയിൽ അഭയപ്പെടുമ്പോൾ കർത്താവ് നമ്മിലും ജന്മമെടുക്കും, നമ്മെ കാണുന്നവർക്ക് നമ്മിലൂടെ ദൈവത്തെ കാണാൻ സാധിക്കണം. അതിന് വിശുദ്ധ മാതാവ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പരിശുദ്ധ അമ്മയിൽ പ്രശോഭിച്ച ദൈവസ്നേഹം, പരസ്നേഹം, എവിടെയും എപ്പോഴും ദൈവതിരുമനസ്സിനോടുള്ള വിധേയത്വം, വിശുദ്ധ ജീവിതം എന്നിവ നമുക്ക് നമ്മുടെ ജീവിതത്തിലേക്ക് പകർത്തുവാനും അമ്മയെന്ന സുവിശേഷത്തെ ഉൾക്കൊള്ളുവാനും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം മുഖാന്തിരം നമുക്ക് ഇടയാകട്ടെ.

# ദൈവലായത്തിൽ നടന്ന വിവിധ പരിപാടികൾ



ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ ദിനം - പതാക ഉയർത്തൽ



ഓശാന ശുശ്രൂഷകൾക്ക് കോഴിക്കോട് ഭദ്രാസനാധിപൻ അഭി.പൗലോസ് മോർ ഐറേനിയോസ് തിരുമേനി കാർമ്മികത്വം വഹിക്കുന്നു



സൺഡേസ്കൂൾ ആധ്യാപക സംഗമം



കാൽകഴുകൽ ശുശ്രൂഷകൾക്ക് കോഴിക്കോട് ഭദ്രാസനാധിപൻ അഭി.പൗലോസ് മോർ ഐറേനിയോസ് തിരുമേനി കാർമ്മികത്വം വഹിക്കുന്നു



ഇടവക മെത്രാപ്പോലീത്ത അഭി. ഐസക്ക് മോർ ഒസ്താത്തിയോസ് തിരുമേനിയും കോഴിക്കോട് ഭദ്രാസനാധിപൻ അഭി.പൗലോസ് മോർ ഐറേനിയോസ് തിരുമേനിയും തൃശ്ശൂർ ഭദ്രാസനാധിപൻ അഭി. കുര്യാക്കോസ് മോർ ക്ലീമീസ് തിരുമേനിയും കാൽകഴുകൽ ശുശ്രൂഷകളിൽ പങ്കെടുത്ത സൺഡേസ്കൂൾ വിദ്യാർത്ഥികളോടൊപ്പം



യൂത്ത് അസോസിയേഷൻ ദുബായി ഹെൽത്ത് അതോറിറ്റിയുമായി സഹകരിച്ച് രക്തദാന ക്യാമ്പ് നടത്തി




ഹാർവെസ്റ്റ് ഫെസ്റ്റിവൽ ആദ്യ കൂപ്പൺ ഷെവ.കുഞ്ഞുമോൻ പാറക്കലിന് നൽകി ഉദ്ഘാടനം നിർവ്വഹിക്കുന്നു.



അബുദാബി പള്ളി മുൻ വികാരി റവ.ഫാ. തോമസ് കൂമുള്ളിലിന് യു.എ.ഇ. സോണലിന്റെ ആദരം നമ്മുടെ പള്ളിയിൽ വെച്ച് നൽകിയപ്പോൾ



ജെ.എസ്.വി.ബി.എസ്. 2022



## മനുഷ്യരെ ദൈവീകരാക്കുവാനുള്ള

# ഉത്തമ മാതൃക



ഫാ. എബിൻ ബേബി
ഊമേലിൽ

പരി. ദൈവ മാതാവിനോടുള്ള ഭക്ത്യാദരവുകൾ പ്രകാശിപ്പിക്കുന്നതിന് പരിശുദ്ധ സഭ നമുക്കൊരുക്കിയ മഹത്തരമായ അവസരങ്ങളാണ് മാതാവിന്റെ എല്ലാ പെരുന്നാളുകളും. മനുഷ്യന്റെ ദൈനദിന ജീവിതം മാതാവിന്റെ പെരുന്നാളുകളുമായി ഏറെ ബന്ധപെട്ടിരിക്കുന്നു. അഹോവൃത്തിക്കായി കാർഷീക മേഖലയിൽ അധ്വാനിക്കുന്നവർ വിത്ത് വിതയ്ക്കുമ്പോഴും, കതിരുകൾ ആകുമ്പോഴും, കൊയ്യുമ്പോഴും എല്ലാം മാതാവിന്റെ നാമത്തിൽ സമർപ്പിച്ചു പെരുന്നാൾ കൊണ്ടാടുന്നു. ഈ മരുഭൂമിയിലെ പ്രവാസ ജീവിതത്തിലും ദൈനദിനമുള്ള ജീവിത പ്രതിസന്ധികളിൽ പരിശുദ്ധ അമ്മയുടെ സൂനോറോയുടെ സാന്നിധ്യവും മദ്ധ്യസ്ഥതയും ഒരു അഭയകേന്ദ്രമാണ്. സകല വംശങ്ങളും ഭാഗ്യവതി എന്ന് വാഴ്ത്തുന്ന പരി. മറിയം ദൈവപുത്രനായ യേശു ക്രിസ്തുവിന്റെയും, അങ്ങനെ നമ്മളോരോരുത്തരുടെയും മാതാവായി മഹത്വത്തിൽ വസിക്കുന്നു.

വചനം മാംസമായി തീരുക എന്ന സ്വർഗ്ഗീയ പദ്ധതിയ്ക്ക് പരിശുദ്ധ കന്യക “ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ“ എന്ന് വിനയപ്പെട്ടപ്പോൾ വിശുദ്ധ വചനം മനുഷ്യ സ്വഭാവം സ്വീകരിച്ചു. പൂർണ്ണദൈവവും, പൂർണ്ണമനുഷ്യനും, പിതാവാം ദൈവത്തിന്റെ ഏക ജാതനുമായ യേശു ക്രിസ്തു, ദൈവ- മനുഷ്യ സ്വഭാവങ്ങളെ സംയോജിപ്പിച്ച് മറിയാമിൽ വസിക്കുകയും, ഭൂമിയിൽ ജനിക്കുകയും ചെയ്തു. ഇത് പരി.മറിയാമിനെ ദൈവമാതാവ് എന്ന സ്തുതിയ്ക്ക് യോഗ്യയാക്കി. അനന്തമായ നന്മയിൽ നിന്ന് ഉരുത്തിരിഞ്ഞ ആദരവാണ് മറിയാമിനെ കൃപ നിറഞ്ഞവളും, സകല വിശുദ്ധന്മാരിലും, ശുദ്ധിമതികളിലും ഉപരിയായി ബഹുമാനിക്കപ്പെടുന്നവളുമാക്കി തീർത്തത്.

വി.മർത്തമറിയം മാതാവിന്റെ ജന്മദിനത്തിന്റെ നാളുകളിലൂടെ കടന്നു പോകുമ്പോൾ മാതാവ് മുഖേന ദൈവപുത്രൻ നൽകിയ ദൈവകൃപയ്ക്ക് നന്ദിയർപ്പിക്കുവാനും, അമ്മയുടെ ഏക ജാതനോടുള്ള മദ്ധ്യസ്ഥതകളാലും, അപേക്ഷകളാലും ദൈവത്തോട് കുടുതൽ ചേർന്ന് നിൽക്കുവാനും മാതാവിന്റെ ജീവിതത്തെ മാതൃകയാക്കുവാനും നമുക്ക് സാധിക്കണം. വി. മർത്തമറിയം അമ്മയുടെ ജീവിതം ഭക്തിയോടെ പഠിക്കുമ്പോൾ അമ്മയുടെ ജീവിതത്തിലെ അഞ്ചു സവിശേഷതകൾ നമുക്ക് മാതൃക ആക്കാവുന്നതാണ്.

1. മാതാവിന്റെ വിശ്വാസം.
2. വിനയത്തിന്റെ ഉത്തമ മാതൃക.
3. സഹനത്തിന്റെ ഉത്തമ മാതൃക.
4. ദൈവത്തിലുള്ള ആശ്രയം
5. ആഴത്തിലുള്ള സ്നേഹം

പരിശുദ്ധ അമ്മ നമുക്ക് പകർന്ന് തരുന്നതായ ഈ മൂല്യങ്ങൾ അമ്മയുടെ പെരുന്നാളിൽ സംബന്ധിക്കുന്നത് വഴിയായി നമുക്കും നേടിയെടുക്കുവാൻ സാധിക്കണം. നമ്മുടെ ദൈവാലയത്തിൽ ഈ വർഷത്തെ എട്ടു നോമ്പ് പെരുന്നാൾ ആഗസ്റ്റ് 31 വൈകിട്ട് മുതൽ സെപ്റ്റംബർ 7 വൈകിട്ട് വരെ നടത്തപ്പെടുന്നു. യാക്കോബായ സുറിയാനി സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയും,കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയുമായ അഭി. ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനി പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നതാണ്. എല്ലാ വിശ്വാസികളും നേർച്ചകാഴ്ചകളോടെ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരെയും കർതൃ നാമത്തിൽ ക്ഷണിക്കുന്നു.

❍

# ആദരാഞ്ജലികൾ

"ആചാര്യേശാ! മ്ശീഹാ കൂദാ-ശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം-നാഥാ സ്തോത്രം"



അഭിവന്ദ്യ സഖറിയാസ് മോർ
പോളികാർപ്പോസ് മെത്രാപ്പോലീത്ത



അഭിവന്ദ്യ പത്രോസ് മോർ
ഒസ്താത്തിയോസ് മെത്രാപ്പോലീത്ത



വന്ദ്യ ഫിനഹാസ് റമ്പാച്ചൻ

## ദൈവാലയത്തിൽ നടന്ന വിവിധ പരിപാടികൾ



വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ



ജെ.എസ്.വി.ബി.എസ്. 2022 സമാപന സമ്മേളനം



ഹാശാ ആഴ്ച ശുശ്രൂഷകൾക്കു മുഖ്യ കാർമികത്വം വഹിക്കുവാൻ എത്തി ചേർന്ന
അഭിവന്ദ്യ പൗലോസ് മാർ ഐറേനിയസ് തിരുമനസിന് സ്വീകരണം നൽകിയപ്പോൾ



സെന്റ് മേരീസ് ഗായകസംഘം



UAE സന്ദർശനത്തിനെത്തിയ ഇടുക്കി ഭദ്രാസന മെത്രാപോലിത്ത അഭിവന്ദ്യ സഖറിയാസ് മോർ
പീലക്സിനോസ് തിരുമേനിയെ എയർപോർട്ടിൽ സ്വീകരിക്കുന്നു.



UAE മേഖലയിലെ പള്ളി പ്രതിപുരുഷയോഗത്തിൽ പങ്കെടുക്കുവാനെത്തിയ ഇടവക
മെത്രാപോലിത്ത അഭിവന്ദ്യ ഐസക് മോർ ഒസ്താത്തിയോസ് തിരുമേനിക്ക് നൽകിയ സ്വീകരണം

# മലങ്കരയുടെ റീശ് മെത്രാപ്പോലീത്ത
# വി. യൂയാക്കീം മാർ കൂറിലോസ് ബാവ



**ഡിനീഷ് പി. വർഗ്ഗീസ്**
**പനിച്ചികുഴി**



തെക്കു കിഴക്കൻ തുർക്കിയിലെ തുറബ്ദീനിലെ ഹബീബ് ഗ്രാമത്തിൽ ആമിർഗാദാനി കുടുംബത്തിൽ മൽകിബാർ ഇസ്രായേലിന്റെ മകനായി 1818 ൽ ജനിച്ചു. പരിശുദ്ധ പിതാവിന് അഞ്ചു സഹോദരങ്ങളും ഒരു സഹോദരിയും ഉണ്ടായിരുന്നു. 1839 ഓഗസ്റ്റ് 6ന് ശെമ്മാശ്ശനായും തുടർന്ന് ഏറെ താമസിയാതെ റമ്പാനായും വഴിക്കപ്പെട്ടു. വൈകാതെ പരി. ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ പാത്രിയർക്കിസ് ബാവായുടെ സെക്രട്ടറിയായി നിയോഗിതനായി. പരി. ബാവ 1845 ഫെബ്രുവരി 18ന് തുർക്കിയിലെ കുർക്കുമാദയറായിൽ വച്ച് റമ്പാൻ യൂയാക്കീമിനെ മോർ കൂറിലോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

> **ഇന്ത്യയിലെ മോർ കൂറിലോസ് യൂയാക്കീമിന്റെ ജീവിതം എപ്പോഴും സംഘർഷം നിറഞ്ഞതും, പോരാട്ടത്തിന്റേതുമായിരുന്നു.പോർച്ചുഗീസ് കാലഘട്ടത്തിനു ശേഷം സഭ കടന്നുപോയ ഏറ്റവും പ്രയാസകരമായ കാലഘട്ടത്തിൽ പരിശുദ്ധ സഭയെ സധൈര്യം നയിച്ച് സുറിയാനി വിശ്വാസത്തിൽ നിലനിർത്തി.**

ആംഗ്ലിക്കൻ മിഷനറിമാരുടെ മത പരിവർത്തന ശ്രമങ്ങൾ മൂലം കടുത്ത പ്രതിസന്ധിയിലായ മലങ്കരസഭ അന്ത്യോഖ്യാ സിംഹാസനത്തോട് ഇവിടെ സഭയെ നയിക്കാൻ ഒരു പ്രതിനിധിയെ അയച്ചുതരുവാൻ അപേക്ഷിച്ചു. മുൻകാല ദൗത്യങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഒരു സ്വദേശിയെ മലങ്കരസഭയ്ക്ക് വേണ്ടി മെത്രാപ്പോലീത്തയായി വാഴിക്കുന്നതിന് പരി. ബാവ ആഗ്രഹിക്കുകയും ആയത് മലങ്കരസഭയെ അറിയിക്കുകയും ചെയ്തു. അക്കാലത്ത് സഭാ സമിതികളുടെ അംഗീകാരമില്ലാതെ പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ മർദീനിലെത്തി അത്താനാസ്സിയോസ് എന്ന പേരിൽ മെത്രാനായി വാഴിക്കപ്പെടുകയും മലങ്കരയിൽ തിരിച്ചെത്തുകയും ചെയ്തു. സഭാ സമിതികളുടെ അംഗീകാരത്തോടെയല്ലാത്ത ഈ മെത്രാൻ വാഴ്ചയ്ക്കെതിരെ സഭയിൽ പല ഭാഗത്തുനിന്നും എതിർപ്പുകളുണ്ടായി. സുറിയാനി ഓർത്തഡോക്സ് വിശ്വാസത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാകുന്ന തരത്തിൽ സ്ഥിതിഗതികൾ എത്തി. ഇത് പരി. പാത്രിയർക്കീസ് ബാവായുടെ അടിയന്തര ഇടപെടൽ തേടാൻ മോർ ദിവന്നാസിയോസ് നാലാമൻ (ചേപ്പാട് ഫിലിപ്പോസ് മോർ ദിവന്നാസിയോസ്) നേതൃത്വം നൽകിയ മലങ്കര സഭയെ പ്രേരിപ്പിച്ചു.

സന്ദേശം ലഭിച്ചപ്പോൾ ആശങ്കാകുലനായ പരി. പാത്രിയർക്കീസ് ബാവ തന്റെ മുൻ സെക്രട്ടറി മോർ കൂറിലോസ് യൂയാക്കീമിനെ പ്രൊട്ടസ്റ്റന്റ് മിഷനറിമാർക്കെതിരായ പോരാട്ടത്തിൽ മലങ്കര സഭയെ പരിപാലിക്കാനും ബിഷപ്പ് മോർ അത്തനേഷ്യസിന്റെ നവീകരണ പ്രവണതയെക്കുറിച്ച് അന്വേഷിക്കാനും നിയോഗിച്ചു.

1846 ജൂൺ 23-ന് തന്റെ സഹോദരനോടൊപ്പം കടൽ മാർഗം മർദ്ദീനിൽ നിന്ന് പുറപ്പെട്ട്, ഓഗസ്റ്റിൽ മലബാർ തീരത്തെത്തി. മലബാറിലെ ബന്ധപ്പെട്ട സർക്കാർ അധികാരികളുടെ മുമ്പിൽ ഹാജരാകുവാൻ ആവശ്യമായ പരി. പാത്രിയർക്കീസ് ബാവായുടെ അനുമതി അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ഇന്ത്യയിലെ മോർ കൂറിലോസ് യൂയാക്കീമിന്റെ ജീവിതം എപ്പോഴും സംഘർഷം നിറഞ്ഞതും, പോരാട്ടത്തിന്റേതുമായിരുന്നു. പോർച്ചുഗീസ് കാലഘട്ടത്തിനു ശേഷം സഭ കടന്നുപോയ ഏറ്റവും പ്രയാസകരമായ കാലഘട്ടത്തിൽ പരിശുദ്ധ സഭയെ സധൈര്യം നയിച്ച് സുറിയാനി വിശ്വാസത്തിൽ നിലനിർത്തി. ഒരുപാട് കഷ്ടപ്പാടുകളും അപമാനങ്ങളും നേരിടേണ്ടിവന്നെങ്കിലും, മലങ്കരയിലെ തന്റെ 28 വർഷത്തെ ദീർഘവും കഠിനവുമായ ദൗത്യത്തിന്റെ അവസാനത്തിൽ, അനുഗ്രഹീത വിശ്വാസസംരക്ഷകന് മലങ്കരയിലെ അന്ത്യോഖ്യൻ വിശ്വാസം ശക്തിപ്പെടുത്താൻ കഴിഞ്ഞു. സഭയ്ക്ക് ശരിയായ മാർഗനിർദേശം ആവശ്യമായിവന്ന ഒരു കാലഘട്ടത്തിൽ യഥാർത്ഥ വിശ്വാസത്തിന്റെ വെളിച്ചം വഹിക്കാൻ സഹായിച്ചത് മോർ കൂറിലോസിന്റെ ആത്മീയ നേതൃത്വമാണ്.

പരി. പിതാവ് സ്വന്തം ഇഷ്ടപ്രകാരം അവസാന നാളുകൾ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ ചിലവഴിച്ചു. തന്റെ മരണത്തിന്റെ യഥാർത്ഥ സമയത്തെക്കുറിച്ച് അറിവുണ്ടായിരുന്ന പരി. പിതാവ് കാലം ചെയ്യുന്നതിന് ഏതാനും മണിക്കുറുകൾക്ക് മുമ്പ് അർത്ഥ രാത്രി കുളിച്ച് അംശവസ്ത്രങ്ങൾ ധരിച്ച് പള്ളിയിൽ പ്രവേശിക്കുകയും സുറിയാനിയിൽ വിശ്വാസപ്രമാണം മൂന്നുപ്രാവശ്യം ചൊല്ലുകയും പള്ളിയിൽ കിടന്നുറങ്ങുകയും ചെയ്തു. ഏതാനും മണിക്കുറുകൾക്ക് ശേഷം, 1874 സെപ്റ്റബർ 1ന് പുലർച്ചെ 3 മണിക്ക് പരിശുദ്ധ പിതാവ് സ്വർഗ്ഗിയ ഭവനത്തിൽ ചേർക്കപ്പെട്ടു. മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ കബറടക്കപ്പെട്ടു.

അഞ്ചാം തുബ്ദേനിൽ പേര് സ്മരിക്കുന്ന ചാത്തുരുത്തിൽ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് (പരുമല തിരുമേനി), കൊച്ചുപറമ്പിൽ പൗലോസ് മാർ കൂറിലോസ് തിരുമേനി എന്നീ പിതാക്കന്മാർ പരി. ബാവായുടെ പ്രധാന ശിഷ്യന്മാർ ആയിരുന്നു. പരി. അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ യൂയാക്കീം മാർ കൂറിലോസ് ബാവായുടെ കുടുംബത്തിലെ നാലാം തലമുറയിൽപ്പെട്ട ആളാണ് .

പരിശുദ്ധ പിതാവിന്റെ ജീവിതവും ,പ്രവർത്തനങ്ങളും, പരിശുദ്ധ പിതാവിന്റെ മധ്യസ്ഥതയിൽ അഭയം പ്രാപിച്ച് അനുഗ്രഹം പ്രാപിക്കുന്ന അനേകം വിശ്വാസികളുടെ സാക്ഷ്യവും പരിഗണിച്ച് പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ യൂയാക്കീം മാർ കൂറിലോസ് ബാവയെ No.E 214/08 കല്പന പ്രകാരം വിശുദ്ധനായി പ്രഖ്യാപിച്ചു. കൂടാതെ അഞ്ചാം തുബ്ദേനിൽ പേര് സ്മരിക്കുന്നതിനുള്ള അനുവാദം നൽകുകയും ചെയ്തു. പരി. പിതാവിന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമാവട്ടെ.

❍




## ശ്രേഷ്ഠ കാതോലിക്കാ ബാവയെ ആദരിച്ചു



94-ാം ജന്മദിനവും കാതോലിക്കാ സ്ഥാനാരോഹണത്തിന്റെ 20-ാം വാർഷികവും പ്രമാണിച്ച് നമ്മുടെ ഇടവകയുടെ ആദരം ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മാർ ബസേലിയോസ് പ്രഥമൻ ബാവയ്ക്ക് അർപ്പിക്കുന്നു

# ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ

## മലങ്കരയുടെ പ്രകാശ ഗോപുരമായ ശ്രേഷ്ഠ മഹാപുരോഹിതൻ



**എം.സി. ഏലിയാസ്**
**മറ്റത്തിൽ**



ലാളിത്യ ജിവിതത്തിന്റെ പര്യായമായിരുന്ന ശ്രേഷ്ഠ പിതാവ് 1914 ജൂൺ 12ന് ചെറായി സെന്റ് മേരീസ് പള്ളി വികാരി ജോസഫ് പുതുശ്ശേരിയുടെയും വടക്കൻപറവൂർ ഈരാളിൽ കുടുംബത്തിൽ എലിസബത്തിന്റെയും രണ്ടാമത്തെ മകനായി ജനിച്ചു. പൗലോസ് എന്ന പേരിൽ അദ്ദേഹം മാമോദീസ സ്വീകരിച്ചു. കോട്ടയം സി.എം.എസ്. കോളേജിലും ആലുവാ യു.സി. കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം മഞ്ഞിനിക്കര മോർ ഇഗ്നേഷ്യസ് ദയറായിൽ ചേർന്നു. മഞ്ഞിനിക്കര ദയറായിലെ അന്ത്യോഖ്യൻ പ്രതിനിധി ആയിരുന്ന, റമ്പാൻ അബ്ദുൾ അഹദിന്റെ (പിന്നീട് പരി. ഇഗ്നാത്തിയോസ് യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് ബാവ) കീഴിൽ പിതാവ് തന്റെ സുറിയാനി പഠനം തുടർന്നു.

1933-ൽ കോട്ടയം വലിയ പള്ളിയിൽ (താഴത്തങ്ങാടി സെന്റ് മേരീസ് ക്നാനായ പള്ളി) പാത്രിയർക്കീസിന്റെ മലങ്കരയിലെ അപ്പസ്തോലിക പ്രതിനിധി അഭി. ഏലിയാസ് മോർ യൂലിയസ് തിരുമേനിയുടെ തൃക്കരങ്ങളാൽ ശെമ്മാശപ്പട്ടം സ്വീകരിച്ചു. 1938-ൽ, മഞ്ഞിനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിൽ വച്ച് അഭി. ഏലിയാസ് മോർ മോർ യൂലിയോസിന്റെ അനുഗ്രഹീതമായ കരങ്ങളാൽ കശീശ (സമ്പൂർണ വൈദികനായി) അഭിഷിക്തനായി. അതിനുശേഷം അദ്ദേഹം ശ്രീലങ്കയുടെയും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. തുടർന്ന് മലങ്കരയിലെ പാത്രിയർക്കീസ് പ്രതിനിധി പുണ്യശ്ലോകനായ ഏലിയാസ് മോർ യൂലിയസ് ബാവായുടെ സെക്രട്ടറിയാകുകയും മഞ്ഞിനിക്കര ദയറായുടെ വികാരിയായി ചുമതലയേൽക്കുകയും ചെയ്തു.

1952 ഏപ്രിൽ 25-ന്, കണ്ടനാട് ഭദ്രാസന പ്രതിനിധി യോഗം പി.ജെ . പൗലോസ് കശീശയെ ആലുവയിലെ വലിയ തിരുമേനിയുടെ പിൻഗാമിയായി കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി തിരഞ്ഞെടുത്തു, 1952 ഒക്ടോബർ 19-ന്, പരി. പാത്രിയർക്കീസ് മോർ മോറാൻ ഇഗ്നേഷ്യസ് അഫ്രേം-I ബർസൗ, സിറിയയിലെ ഹോംസിലുള്ള പാത്രിയാർക്കൽ കത്തീഡ്രലിൽ വച്ച് പൗലോസ് കശീശയെ മോർ പീലക്സീനോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1953 ജനുവരി 12-ന് മലങ്കര യാക്കോബായ സുറിയാനി സഭയിലെ ഏറ്റവും വലിയ രണ്ടാമത്തെ ഭദ്രാസനമായ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായി നിയോഗിച്ചു. 1956 ജനുവരിയിൽ മീഖായേൽ മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത കാലം ചെയ്തതിനെ തുടർന്ന് കോട്ടയം, കൊല്ലം ഭദ്രാസനങ്ങളുടെ അധിക ചുമതല മോർ പീലക്സിനോസിനെ പരി. സഭ ഏൽപ്പിച്ചു.

സഭയുടെ അപ്പസ്തോലിക പാരമ്പര്യങ്ങളും, വിശ്വാസ ആചാരങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മലങ്കരയിലെ സമുദായ നേതാക്കൾ പരി. പാത്രിയർക്കിസ് ബാവ മുമ്പാകെ നിരവധി നിവേദനങ്ങൾ നൽകി. തൽഫലമായി 1975 ഓഗസ്റ്റിൽ, ഭദ്രാസന ഇടവക കൗൺസിലുകളാൽ തിരഞ്ഞെടുക്കപ്പെട്ട പുതിയ മെത്രാപ്പോലീത്തമാരെ പരിശുദ്ധ പാത്രിയർക്കീസ് ബാവ നിയമിച്ചു. ഏബ്രഹാം മോർ ക്ലീമിസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ ചേർന്ന യാക്കോബായ സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് കൊച്ചിയിൽ യോഗം

> **1980 സെപ്തംബർ 14-ന്, ബാഗ്ദാദിലെ ആർച്ച് ബിഷപ്പ് ആയിരുന്ന മോർ സേവേറിയോസ് സാഖായെ അന്ത്യോക്യയുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസായി വാഴിച്ചു കൊണ്ട് ചരിത്രം സൃഷ്ടിച്ചു. ആദ്യമായിട്ടായിരുന്നു മലങ്കരയിൽ നിന്നുള്ള ഒരു കാതോലിക്ക അന്ത്യോഖ്യായിലെ പരിശുദ്ധ അപ്പസ്തോലിക സിംഹാസനത്തിലേക്കുള്ള ഒരു പാത്രിയർക്കീസിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പ്രധാന കാർമ്മികത്വം വഹിക്കുന്നത്**

ചേർന്ന് പൗലോസ് മോർ പീലക്സീനോസിനെ കിഴക്കിന്റെ കാത്തോലിക്കാ എന്ന പരമോന്നത സ്ഥാനത്തേക്ക് ഏകകണ്ഠമായി തിരഞ്ഞെടുത്തു.

1975 സെപ്തംബർ 7-ന് അന്ത്യോഖ്യായിലെ പരി. പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് മൂന്നാമൻ പൗലോസ് മോർ പീലോക്സെനോസ് മെത്രാപ്പോലീത്തായെ കിഴക്കിന്റെ കാതോലിക്കായായി മോർ ബസേലിയോസ് പൗലോസ് രണ്ടാമൻ എന്ന പേരിൽ ഡമസ്കസിലെ പാത്രിയർക്കൽ കത്തീഡ്രലിൽവച്ച് വാഴിച്ചു

മലങ്കരസഭയ്ക്കുവേണ്ടി ശ്രേഷ്ഠ പിതാവ് ആറ് മെത്രാപ്പോലീത്തമാരെ വാഴിക്കുകയും അനേകം വൈദീകർക്ക് പട്ടം നൽകുകയും ചെയ്തു. അനേകം ദൈവാലയങ്ങളും സ്ഥാപനങ്ങളും സ്ഥാപിച്ചു. 26 ജൂൺ 1980ന് പരി. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ബാവ കാലം ചെയ്തു. 1980 ജൂലൈ 11-ന്, കിഴക്കിന്റെ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ അദ്ധ്യക്ഷതയിൽ, സുറിയാനി ഓർത്തഡോക്സ് സഭയുടെ സാർവത്രിക സുന്നഹദോസ് ദമാസ്കസിലെ പാത്രിയാർക്കേറ്റിൽ സമ്മേളിച്ചു. മലങ്കരയിൽ നിന്നുള്ള ഒരു കിഴക്കിന്റെ കാതോലിക്ക, വിശുദ്ധസഭയുടെ പാത്രിയർക്കിസിനെ തിരഞ്ഞെടുക്കുന്നതിനുള്ള സാർവ്വത്രിക സുന്നഹദോസിൽ അധ്യക്ഷനായത് ചരിത്രത്തിലെ ആദ്യ സംഭവം ആയിരുന്നു. തുടർന്ന് 1980 സെപ്റ്റംബർ 14-ന്, ബാഗ്ദാദിലെ ആർച്ച് ബിഷപ്പ് ആയിരുന്ന മോർ സേവേറിയോസ് സാഖായെ അന്ത്യോക്യയുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസായി വാഴിച്ചുകൊണ്ട് ചരിത്രം സൃഷ്ടിച്ചു. ആദ്യമായിട്ടായിരുന്നു മലങ്കരയിൽ നിന്നുള്ള ഒരു കാതോലിക്ക അന്ത്യോഖ്യായിലെ പരിശുദ്ധ അപ്പസ്തോലിക സിംഹാസനത്തിലേക്കുള്ള ഒരു പാത്രിയർക്കീസിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പ്രധാന കാർമ്മികത്വം വഹിക്കുന്നത്.

നാല് പതിറ്റാണ്ടിലേറെക്കാലം മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യൻ സമൂഹത്തിന് ധീരമായ നേതൃത്വം നൽകിയ ശ്രേഷ്ഠ ആബൂൻ മോർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ 1996 സെപ്റ്റംബർ 1 ഞായറാഴ്ച രാവിലെ 10.45 ന് തന്റെ 83-ാം വയസിൽ കാലം ചെയ്തു. സഭയിലും സമൂഹത്തിലും അദ്ദേഹം ചൊരിഞ്ഞ സ്നേഹത്തിന്റെയും പ്രവർത്തനങ്ങളുടെയും നേർ സാക്ഷ്യമായിരുന്ന ശ്രേഷ്ഠ പിതാവിന്റെ സംസ്കാര ചടങ്ങുകളിൽ പങ്കെടുത്ത പതിനായിരങ്ങൾ. ശ്രേഷ്ഠ ആബൂൻ മോർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവുടെ കബറിടം ആ ശ്രേഷ്ഠ പിതാവിന്റെ



അന്ത്യാഭിലാഷപ്രകാരം എറണാകുളം ജില്ലയിലെ പുത്തൻകുരിശിനടുത്തുള്ള മലേക്കുരിശ് ദയറായിൽ സ്ഥിതിചെയ്യുന്നു.

മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ തന്റെ ലാളിത്യത്താലും ക്ലേശ സഹിഷ്ണതയാർന്ന സന്യാസ ജീവിതത്താലും പരക്കെ ആദരിക്കപ്പെടുന്നു. ജീവിതത്തിൽ ഒരിക്കലും ആഡംബരം പ്രകടിപ്പിക്കാതെ ശ്രേഷ്ഠ പിതാവ് എല്ലാവരുടെയും ആത്മീയ പിതാവായി ജീവിച്ചു. അന്ത്യോഖ്യയിലെ മാതൃസഭയുമായുള്ള പുരാതന ബന്ധം ഉയർത്തിപ്പിടിച്ചുകൊണ്ട്. മലങ്കരയിൽ ശാശ്വത സമാധാനം ഉണ്ടാക്കുന്നതിന് പിതാവ് പരിശ്രമിച്ചു. സംസ്കാരത്തിൽ ഒരു യഥാർത്ഥ ഭാരതീയനായും, പാരമ്പര്യത്തിൽ യഥാർത്ഥ അന്ത്യോഖ്യനായും വിശ്വാസത്തിൽ യഥാർത്ഥ ക്രിസ്ത്യാനിയായും ജീവിച്ച ശ്രേഷ്ഠ പിതാവിന്റെ ഓർമ്മ നമുക്ക് അനുഗ്രഹത്തിനായി തീരട്ടെ.

❍

# അഭിനന്ദനങ്ങൾ




കോമൺവെൽത്ത് ഗെയിംസിൽ സ്വർണ്ണം നേടിയ പരി.സഭയുടെ അഭിമാനം എൽദോസ് പോളിന് ഷാർജ സൂനോറോ കത്തീഡ്രലിന്റെ അഭിനന്ദനങ്ങൾ



ദുബായിൽ നടന്ന വേൾഡ് ട്രയാതലോൺ ചാമ്പ്യൻഷിപ്പിൽ അയൺമാൻ 70.3 പദവി കരസ്ഥമാക്കിയ ശ്രീ. ഷിജോ വർഗ്ഗീസിനെ ഇടവക അനുമോദിക്കുന്നു.

# പ്രവാസജീവിതത്തിൽ നിന്ന് മഹാ പൗരോഹിത്യത്തിലേക്ക്



**ജോയി സി.ജെ.**
**ചെമ്പകശ്ശേരിൽ**



ആകമാന സുറിയാനി സഭയുടെ പരി. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവായുടെ മലങ്കരകാര്യ സെക്രട്ടറിയായ ബഹു. ജോഷി അച്ചൻ ചെമ്പകശ്ശേരിൽ (മർക്കോസ്) മേൽപ്പട്ട സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുന്ന എന്നത് ഷാർജ സെന്റ് മേരീസ് യാക്കോബായ സുറിയാനി പാത്രിയാർക്കൽ കത്തീഡ്രലിനെ സംബന്ധിച്ച് വളരെയേറെ ആഹ്ലാദം നൽകുന്ന സംഗതിയാണ്. നമ്മുടെ ഇടവകയുടെ ആദ്യകാല അംഗങ്ങളിൽ ഒരാളും, സണ്ടേസ്കൂൾ അധ്യാപകനും, ഭരണസമിതി അംഗവും ഒക്കെയായി പ്രവർത്തിച്ച വന്ദ്യ റമ്പാച്ചന്റെ ഈ സ്ഥാനലബ്ധി ദൈവനിയോഗമാണ്.

കോതമംഗലം നീണ്ടപാറ ചെമ്പകശ്ശേരിൽ പരേതനായ എബ്രഹാമിന്റെയും, ഏലിയാമ്മയുടെയും രണ്ടാമത്തെ മകനും ചെമ്പൻകുഴി സെന്റ്. ജോൺസ് പള്ളി ഇടവകാംഗവുമാണ്. ചെമ്പൻകുഴി, ഊന്നുകൽ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ബഹു. അച്ചൻ കോതമംഗലം മാർ അത്തനേഷ്യസ് എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് സിവിൽ എഞ്ചിനീയറിംഗിൽ ഉന്നതവിജയം കരസ്ഥമാക്കി, തുടർന്ന് ഉദ്യോഗത്തിനായി ദുബായിലേക്ക് വരികയും ജോലി ചെയ്യുകയും ചെയ്തു. നാട്ടിൽ കെ.എസ്.ഇ.ബി.യിൽ ജോലി ലഭിച്ചതിനെ തുടർന്ന് നാട്ടിലേക്ക് പോവുകയും വളരെ കുറച്ചു കാലം അവിടെ സേവനമനുഷ്ഠിക്കുകയും ചെയ്തു.

ഷാർജയിലേക്ക് മടങ്ങിവന്ന് വീണ്ടും ജോലിയിൽ പ്രവേശിച്ചു. തുടർന്ന് വൈദികനാണണമെന്ന തന്റെ ആഗ്രഹം ശ്രേഷ്ഠ കത്തോലിക്കാ ബാവയെ അറിയിക്കുകയും, ബാവായുടെ അനുഗ്രഹാശ്ശിസുകളോടെ വെട്ടിക്കൽ എം.എസ്.ഒ.റ്റി. സെമിനാരിയിൽ വൈദീക പഠനത്തിനു ചേർന്ന ബഹുമാനപ്പെട്ട അച്ചൻ സ്വർണ്ണ മെഡലോടെ പഠനം പൂർത്തിയാക്കി. തുടർന്ന് ജോഷി ശെമ്മാച്ചൻ പരി.ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവായുടെ മലങ്കരകാര്യ സെക്രട്ടറി ആയി നിയോഗിതനായി. പരി. ബാവ 2010 നവംബർ 21 ന് ഡമാസ്കസിൽ വച്ച് കശീശയാക്കി ഉയർത്തി. ബഹു. അച്ചന്റെ ആധ്യാത്മിക ഔനത്വവും കാര്യശേഷിയും വിലയിരുത്തി യാക്കോബായ സുറിയാനി സഭയിലെ ഒരു മെത്രാപ്പോലീത്തയാക്കുവാൻ പരി. ബാവ ആഗ്രഹിച്ചു. എന്നാൽ ബാഹു.അച്ചൻ അത് സ്നേഹപൂർവ്വം നിരസിച്ചു. നാട്ടിലെത്തിയ അച്ചൻ മച്ചിപ്ലാവ്, വാളറ എന്നീ യാക്കോബായ ദൈവാലയങ്ങളിൽ ആറ് വർഷത്തോളം വികാരിയായി പ്രവർത്തിച്ചു. തീത്തോസ് 1:7 ൽ"എന്തെന്നാൽ കശീശാ, ദൈവത്തിന്റെ ഭവന കാര്യസ്ഥൻ എന്ന നിലയിൽ അനിന്ദ്യനായിരിക്കണം"എന്ന് പറയുംപോലെ എല്ലാവരാലും ബഹുമാനിക്കപ്പെടുവാനും ആദരിക്കപ്പെടാനും ബഹു. അച്ചന് സാധിച്ചു.

പരി. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവ പുതിയ പാത്രിയർക്കീസായി ചുമതല ഏറ്റെടുത്തപ്പോൾ ബഹുമാനപ്പെട്ട ജോഷി അച്ചനെ മലങ്കരകാര്യ സെക്രട്ടറിയായി വീണ്ടും നിയമിച്ചു.

മെത്രാഭിഷേകത്തിന്റെ മുന്നോടിയായി ബഹു. ജോഷി അച്ചനെ 2022 ഓഗസ്റ്റ് 17- തീയതി ദമസ്കസ് മോർ അഫ്രേം സിറിയൻ ഓർത്തഡോക്സ് ദയറയിൽ വച്ച് പരി. മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ മർക്കോസ് റമ്പാൻ എന്ന നാമധേയത്തിൽ ദയറോയൂസോ സ്ഥാനത്തേക്ക് ഉയർത്തി.

ഉന്നതമായ ദൈവഭക്തിയാലും, അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അചഞ്ചലമായ വിശ്വാസത്താലും ആരാധനയോടുള്ള സമർപ്പണത്താലും, മനുഷ്യരോടുള്ള കരുണയാലും, ദൈവസ്നേഹത്താലും അനുഗ്രഹിക്കപ്പെട്ട ബഹു. അച്ചന്റെ മഹാ പൗരോഹിത്യം സത്യവിശ്വാസസംരക്ഷണത്തിന് പുതിയൊരു ഊർജ്ജമായി തീരും എന്നത്തിൽ സംശയമില്ല. 1 തീമോത്തിയോസ് 4:12 ൽ വായിക്കും പോലെ "വാക്കിലും, പെരുമാറ്റത്തിലും, സ്നേഹത്തിലും വിശ്വാസത്തിലും നിർമലതയിലും വിശ്വാസികൾക്ക് മാതൃകയായി" തുടരട്ടെ എന്ന് പ്രാർത്ഥിച്ച് എല്ലാ ആശംസകളും ദൈവനാമത്തിൽ നേരുന്നു.

# New Memberships (April 2022 to August 2022)

| M. No. | Name | Date of Joining | Address | Home Parish |
|---|---|---|---|---|
| 1353 | Noble K. Paul | 06-04-2022 | Kottickal (House), Vaikara.P.O, Ernakulam | St.Marys JSC Kuruppampady |
| 1354 | Binod Abraham | 06-04-2022 | Thykadavil House, | St.George JSC Church, Pukkattupady, Aluva |
| 1355 | Vivek Babu | 18-05-2022 | Parappillikudiyil (House), Kaninadu, Ernakulam | St.George Jacobite Church , Kutta |
| 1356 | Bibin Jacob | 18-05-2022 | Karotte Vadath House, Vettithara, Ernakulam | St.Marys Jacobite Syrian Soonoro Church, Vettithara |
| 1357 | Bilson P. Jacob | 18-05-2022 | Poozhikunnel House, Manarcad P.O, Kottayam | St.Marys Jacobite Syrian Cathedral, Manarcad |
| 1358 | Ebbin Abraham | 06-06-2022 | Peediyeckal (House), Manarcad P.O, Kottayam | St. Marys Cathedral Manarcadu |
| 1359 | Basil Abraham | 06-06-2022 | Papparil (House), Ezhiprum, Ernakulam | St. Peters & St. Pauls Church, Kolencherry |
| 1360 | Anoop Roy | 23-06-2022 | Nedumpramuriyil (House), Mezhuveli, Pathanamthitta. | St. George Salem Jacobite Syrian Church, Mezhuvel |
| 1361 | Roshan Reny | 17-07-2022 | Thozhuppadan (House), Kandanad, Ernakulam | St. Marys Jacobite Syrian Cathedral, Kandanad |
| 1362 | Siju Paul | 17-07-2022 | Edinjhikkuzhiyil (House), Pattiparambu P.O, Thrissur | Vishudha Martha mariyam Simhasana Church, Pazhayann |
| 1363 | Bijil George | 17-07-2022 | Pallathu (House), Vadayampady, Ernakulam | St. Marys Syrian Church, Poothrikka |

# YEAR PLAN 2022

| SEPTEMBER | |
|---|---|
| Thu, 01 Sep | Vanitha Samajam: Pickle Sale |
| Sun, 04 Sep | Sunday School Reopening after Summer Vacation |
| Wed, 07 Sep | Ettu Nombu Perunnal ( Evening) |
| Sun, 11 Sep | Youth Association : Onam Celebration |
| Wed, 14 Sep | Sleeba Perunnal Service (Evening) |
| Sun, 25 Sep | Elder's Association: Food Sale |
| **OCTOBER** | |
| Sun, 02 Oct | Feast of Eldho Mor Baselious Bava |
| Sun.09 Oct | Elder's Association: Dhyana Yogam(Evening) |
| Sun, 09 Oct | Vanitha Samajam: Food Sale |
| Sun, 16 Oct | Youth Association: Prathyasha Dhyanayogam |
| Sun, 23 Oct | Sunday School : Inter Sunday School Talent Fest |
| Sun,30 Oct | Elder's Association: Family Counselling |
| **NOVEMBER** | |
| Wed, 02 Nov | Christmas Carol Inauguration |
| Sun, 06 Nov | Feast of Chathuruthil Mor Gregorious Thirumeni |
| Sun, 06 Nov | Youth Association: Youth Week (06-13) |
| Sun, 13 Nov | Harvest Festival 2022 |
| Sun, 20 Nov | Youth Association: Unarvu Convention |
| Sun, 27 Nov | Koodhasa Perunnal Service |
| **DECEMBER** | |
| Sun, 04 Dec | Soonoro Sthapaka Dhinam |
| Sun, 04 Dec | Sunday School: Annual Examination |
| Sun, 11 Dec | Sunday School: Open House, Parents & Teachers Meeting |
| Sun, 11 Dec | Youth Association: Carol Night (Shanthidooth) |
| Sat, 17 Dec | Vanitha Samajam: Cake Sale(17-18) |
| Sat, 17 Dec | Sunday School: Annual Winter Camp (17-18) |
| Mon, 19 Dec | Elders Association: Bible Reading (19 - 23 ) |
| Sat, 24 Dec | Christmas Service (Evening) |
| Sun, 25 Dec | Qolo Qadisho-The liturgical choral (Evening) |
| Sat, 31 Dec | New year Service (Evening) |
| **JANUARY** | |
| Sun, 01 Jan | Sunday School - Annual Day Celebrations (Evening) |
| Thu, 05 Jan | Dhanaha Service (Evening) |
| Sun, 08 Jan | Church Annual Day & Family Units get together |
| Sun, 15 Jan | Annual General Body - Spiritual Organizations |
| Sun, 22 Jan | Church Annual General Body Meeting |

# മലബാറിന്റെ
# പുതിയ ഇടയൻ



**എൽദോ പോൾ മൂശാപ്പിള്ളിൽ**



യാക്കോബായ സുറിയാനി സഭയുടെ മലബാർ ഭദ്രാസനത്തിന്റെ ഏഴാമത്തെ മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെട്ട ബഹു. ഷിബു കുറ്റിപറിച്ചേൽ അച്ചൻ ആ ഭദ്രാസനത്തിനുവേണ്ടി വാഴിക്കപ്പെടുന്ന ആദ്യത്തെ ഭദ്രാസനാംഗം ആണ് എന്നുള്ളതും, മലബാറിലെ ആദ്യത്തെ യാക്കോബായ ദൈവാലയമായ മലങ്കരക്കുന്ന് സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളി ഇടവകാംഗമാണ് എന്നുള്ളതും തീർത്തും ദൈവനിശ്ചയമാണ്. വയനാട് ജില്ലയിലെ കുടിയേറ്റ കർഷക ഗ്രാമമായ മാടക്കര പാലാക്കുനിയിലെ കുറ്റിപറിച്ചേൽ വീട്ടിൽ പരേതനായ യോഹന്നാന്റെയും അന്നമ്മയുടെയും നാല് മക്കളിൽ ഇളവനായ ഷിബു അച്ചൻ കുഞ്ഞിലെ മുതൽ തന്നെ എല്ലാവർക്കും പ്രിയങ്കരനായിരുന്നു, ദൈവിക വേലകളിലും, പരോപകാര പ്രവർത്തനങ്ങളിലും അതീവ തല്പരനുമായിരുന്നു. മഹാ പൗരോഹിത്യത്തിന്റെ ഉന്നതിയിലേക്ക് ബഹുമാനപ്പെട്ട അച്ചൻ വാഴിക്കപ്പെടുന്ന ആ ധന്യമുഹൂർത്തതിനായി പരി. സഭയും, ഭദ്രാസനവും ഇടവകയും, ദേശവും പ്രാർത്ഥനയോടെ ഒരുങ്ങുകയാണ്.

സഹാനുഭൂതിയുടെ പ്രതീകമായ ബഹു. അച്ചന്റെ നേതൃത്തത്തിൽ വിവാഹ ധനസഹായം, രോഗികൾക്കുള്ള സഹായം, ഭവനരഹിതർക്കുള്ള സഹായം തുടങ്ങി സാധ്യമായ എല്ലാ മേഖലകളിലും കാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ചിരിയുടെ ചിരാതുകൾ, വിശുദ്ധ വിചാരങ്ങൾ, തിരിച്ചറിവിന്റെ തിരിനാളങ്ങൾ, ഉൾകാഴ്ചയുടെ ഉറവിടം, മഴനീരും മിഴിനീരും. തുടങ്ങി പതിനാലോളം പുസ്തകങ്ങൾ രചിച്ച് അതിൽ നിന്നു ലഭിച്ച വരുമാനം മുഴുൻ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച് അച്ചൻ സഭയ്ക്കും സമൂഹത്തിനും മാതൃകയായി.

2 കൊരിന്ത്യർ 9:7 ൽ വായിക്കും പോലെ "ഓരോരുത്തനും തന്റെ മനസ്സിലെ നിശ്ചയം പോലെ ചെയ്യട്ടെ. സങ്കടത്തോടെ അരുത് നിർബ്ബന്ധത്താലുമരുത്. എന്തെന്നാൽ സന്തോഷത്തോടെ കൊടുക്കുന്നവനെയാകുന്നു ദൈവം സ്നേഹിക്കുന്നത്." ഇത് അന്വർഥമാക്കും വിധം തന്റെ വൃക്ക ഒരു നിർധന യുവതിക്ക് ദാനം ചെയ്തുകൊണ്ട് ദൈവസ്നേഹത്തെ അച്ചൻ പ്രകാശിപ്പിക്കുകയായിരുന്നു ചെയ്തത്.

എം.സ്.ഓ.റ്റി. സെമിനാരി വെട്ടിക്കൽ, ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്ന് വൈദിക പഠനം പൂർത്തിയാക്കിയ ബഹുമാനപ്പെട്ട അച്ചൻ പുണ്യശ്ലോകനായ മലബാറിന്റെ വലിയ മെത്രാപ്പോലീത്ത താനോനോ ഡോ. യൂഹാനോൻ മോർ ഫീലക്സിനോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ വൈദിക പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഒന്നര പതിറ്റാണ്ടിനിടെ കേരളത്തിലെ വിവിധ ഇടവകകൾ, അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ വൈദികനായും, സെമിനാരിയുടെ അധ്യാപകൻ, വാർഡൻ, ആത്മീയ ഗുരു എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു.

മെത്രാഭിഷേകത്തിന്റെ മുന്നോടിയായി ബഹു. ഷിബു അച്ചനെ 2022 ഓഗസ്റ്റ് 17- തീയതി ദമസ്കസ് മോർ അഫ്രേം സിറിയൻ ഓർത്തഡോക്സ് ദയറയിൽ വച്ച് പരി. മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ ഗീവർഗ്ഗീസ് റമ്പാൻ എന്ന നാമധേയത്തിൽ ദയറോയൂസോസ്ഥാനത്തേക്ക് ഉയർത്തി.

ദൈവിക വിളിപ്രകാരം പരി. സഭയുടെ അജപാലന ദൗത്യത്തിലേക്ക് നിയോഗിക്കപ്പെട്ട ബഹു. അച്ചൻ, റോമർ 12:8 പറയുന്നതുപോലെ "ധാരാളമായി ദാനം ചെയ്യുന്നവനും, ഉത്സാഹത്തോടെ ഭരണം നടത്തുന്നവനും സന്തോഷത്തോടെ കരുണ കാണിക്കുന്നവനുമായ" വാത്സല്യ പിതാവായി തീരുവാൻ ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

○

# ദൈവലായത്തിൽ നടന്ന വിവിധ പരിപാടികൾ




യു.എ.ഇ. സോണലിന്റ നേതൃത്വത്തിൽ ഷാർജ കത്തീഡ്രലിൽ നിന്നും നടത്തിയ കരിയർ ഗൈഡൻസ് ഓൺലൈൻ സെമിനാർ ശ്രീമതി ശ്രീവിദ്യ സന്തോഷ് നയിച്ചു.



യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ മലങ്കര ചർച്ച് ബിൽ 2022 നെ അനുകൂലിച്ചുകൊണ്ടുള്ള പോസ്റ്റ് കാർഡ് സമാഹരിച്ച് നാട്ടിലേക്ക് കൊടുത്തുവിടുന്നു.



വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ നടത്തിയ ആരോഗ്യ ബോധവത്കരണ സെമിനാറിൽ ശ്രീമതി സൂസൻ മാത്യു ക്ലാസെടുക്കുന്നു.




എൽഡേഴ്സ് അസോസിയേഷൻ അജ്മാൻ തുംബെ ഹോസ്പിറ്റലുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി












# പെരുന്നാൾ ദിനങ്ങളിലൂടെ

## 2022 ഓഗസ്റ്റ് 31 ബുധൻ

**പരിശുദ്ധ യൂയാക്കിം മോർ കൂറിലോസ് ബാവയുടെയും പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെയും ഓർമ്മ**

6:45 pm : കൊടിയേറ്റം
7:00 pm : സന്ധ്യാപ്രാർത്ഥന
8.00 pm : **വിശുദ്ധ മൂന്നിൽ മേൽ കുർബ്ബാന**
ഫാ. സോജൻ പട്ടശേരിൽ (മോർ ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കത്തിഡ്രൽ, ദുബായ്)
ഫാ. റെജി പോൾ കോലഞ്ചേരി
ഫാ. എബിൻ ഊമേലിൽ (വികാരി)
: മദ്ധ്യസ്ഥ പ്രാർത്ഥന
: പെരുന്നാൾ സന്ദേശം, കഞ്ഞി നേർച്ച

## 2022 സെപ്റ്റംബർ 2 വെള്ളി

7.00 pm : സന്ധ്യാ പ്രാർത്ഥന
8.00 pm : **വിശുദ്ധ കുർബ്ബാന**
ഫാ.ഏലിയാസ് മാത്യു (ഷാർജ)
: മദ്ധ്യസ്ഥ പ്രാർത്ഥന
പെരുന്നാൾ സന്ദേശം,കഞ്ഞി നേർച്ച

## 2022 സെപ്റ്റംബർ 4 ഞായർ

7.00 pm : സന്ധ്യാ പ്രാർത്ഥന
8.00 pm : **വിശുദ്ധ കുർബ്ബാന**
ഫാ. ബേസിൽ ബേബി (വികാരി, സെന്റ് ഗ്രിഗോറിയോസ് യാക്കോബായ സുറിയാനി പള്ളി, റാസൽഖൈമ)
: മദ്ധ്യസ്ഥ പ്രാർത്ഥന
: പെരുന്നാൾ സന്ദേശം,കഞ്ഞി നേർച്ച

## 2022 സെപ്റ്റംബർ 6 ചൊവ്വ

7.00 pm : സന്ധ്യാ പ്രാർത്ഥന
7:45 pm : അഭിവന്ദ്യ പിതാവിന് സ്വീകരണം
8.00 pm : **വിശുദ്ധ കുർബ്ബാന**
: ഫാ. സജോ.പി. മാത്യു (വികാരി, സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി പള്ളി, ഫ്യുജൈറ)
: മദ്ധ്യസ്ഥ പ്രാർത്ഥന
: പെരുന്നാൾ സന്ദേശം,കഞ്ഞി നേർച്ച

## 2022 സെപ്റ്റംബർ 1 വ്യാഴം

7.00 pm : സന്ധ്യാ പ്രാർത്ഥന
8.00 pm : **വിശുദ്ധ കുർബ്ബാന**
ഫാ. ബേസിൽ പി.ജേക്കബ് (വികാരി, സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി സിംഹസന കത്തീഡ്രൽ, അലൈൻ)
: മദ്ധ്യസ്ഥ പ്രാർത്ഥന
: പെരുന്നാൾ സന്ദേശം,കഞ്ഞി നേർച്ച

## 2022 സെപ്റ്റംബർ 3 ശനി

7.00 pm : സന്ധ്യാ പ്രാർത്ഥന
8.00 pm : **വിശുദ്ധ കുർബ്ബാന**
ഫാ. എബിൻ ഊമേലിൽ (വികാരി)
: മദ്ധ്യസ്ഥ പ്രാർത്ഥന
: പെരുന്നാൾ സന്ദേശം,കഞ്ഞി നേർച്ച

## 2022 സെപ്റ്റംബർ 5 തിങ്കൾ

7.00 pm : സന്ധ്യാ പ്രാർത്ഥന
8.00 pm : **വിശുദ്ധ കുർബ്ബാന**
ഫാ. മാത്യൂസ് ഉതുപ്പാൻ (സെന്റ് മേരീസ് ക്നാനായ പള്ളി, ഷാർജ)
: മദ്ധ്യസ്ഥ പ്രാർത്ഥന
: പെരുന്നാൾ സന്ദേശം,കഞ്ഞി നേർച്ച

## 2022 സെപ്റ്റംബർ 7 ബുധൻ

**പ്രധാന പെരുന്നാൾ ദിവസം**

6.45 pm : സന്ധ്യാ പ്രാർത്ഥന
7.45 pm : **വിശുദ്ധ മൂന്നിൻമേൽ കുർബ്ബാന**
അഭിവന്ദ്യ ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനി (മെത്രാപ്പോലീത്തൻ ട്രസ്റ്റി)
ഫാ. നിതിൻ വാലയിൽ (അലൈൻ)
ഫാ. റെജി പോൾ കോലഞ്ചേരി
: മദ്ധ്യസ്ഥ പ്രാർത്ഥന
: പെരുന്നാൾ സന്ദേശം
: പ്രദക്ഷിണം
: സൂനോറോ വണക്കം
: നേർച്ച സദ്യ
: കൊടിയിറക്കൽ

NB പ്രധാന പെരുന്നാൾ ദിവസം വിശുദ്ധ സൂനോറോ ഭക്തിനിർഭരമായി പേടകത്തിൽ നിന്നും പുറത്തെടുക്കുന്നു. വിശ്വാസികൾക്ക് സൂനോറോ വണങ്ങുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ് । പെരുന്നാൾ ഷെയറുകൾ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും। പെരുന്നാൾ ദിവസങ്ങളിലെ കഞ്ഞി നേർച്ച വഴിപാടായി സമർപ്പിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

**2022 സെപ്റ്റംബർ 3, 4 (ശനി, ഞായർ) തീയതികളിൽ രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.**



# സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ പാത്രിയാർക്കൽ കത്തീഡ്രൽ

"മരുഭൂമിയിലെ മണർകാട്"

ഷാർജ, യു.എ.ഇ.

2022
ഓഗസ്റ്റ് 31
മുതൽ
സെപ്റ്റംബർ 7
വരെ

## വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളും എട്ടുനോമ്പാചരണവും

മെത്രാപ്പോലിത്തൻ ട്രസ്റ്റി അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ





Eldho D'Zigns, S.Bathery @ 9847294465
ISO 9001:2015 Certified